"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച നേഴ്സുമാർക്കുള്ള സംസ്ഥാനതല അവാർഡ് (സിസ്റ്റർ ലിനി പുതുശ്ശേരി അവാർഡ്) പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1826/2024/H&FWD തീയതി, തിരുവനന്തപുരം, 29-07-2024

---

പരാമർശം:-

1. സ.ഉ (കൈ) നം. 13/2019/ആ.കു.വ തീയതി 22/01/2019
2. സ.ഉ (സാധാ) നം. 139/2024/ആ.കു.വ തീയതി 22.01.2024
3. സ.ഉ (സാധാ) നം. 433/2024/ആ.കു.വ തീയതി 13.02.2024
4. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 06-04-2024 തീയതിയിലെ കെ4/4348/2023/മെ. വി.വ നമ്പർ കത്ത്
5. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 15-04-2024 തീയതിയിലെ ഇ.എച്ച് 2-1896/2024/ ആ.വ.ഡ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുന്ന ആരോഗ്യ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകൾക്ക് കീഴിൽ ജോലി ചെയ്യുന്ന നേഴ്സുമാരെ ആദരിക്കുന്നതിനായി എല്ലാവർഷവും സംസ്ഥാന നേഴ്സസ് അവാർഡ് നൽകി വരുന്നു. ചുവടെ ചേർക്കുന്ന വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്.

| വകുപ്പ് | വിഭാഗം |
|---|---|
| ആരോഗ്യ വകുപ്പ് | ജനറൽ നേഴ്സിംഗ് (ക്ലിനിക്കൽ സേവനം) |
| | പബ്ലിക് ഹെൽത്ത് നേഴ്സിംഗ് |
| മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | ജനറൽ നേഴ്സിംഗ് (ക്ലിനിക്കൽ സേവനം) |

**2)** സംസ്ഥാന നേഴ്സസ് അവാർഡ് നിർണ്ണയത്തിനായി പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചു. മാർഗ്ഗരേഖയിലെ ക്ലോസ് ജി (2), ക്ലോസ് എച്ച് (2) എന്നിവയ്ക്ക് അനുസൃതമായി 2023 വർഷത്തെ സംസ്ഥാന നേഴ്സസ് അവാർഡ് തെരഞ്ഞെടുപ്പിനുള്ള സമയക്രമം നിശ്ചയിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം 2024 മാർച്ച് 20 ആയിരുന്നു അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതിയായി നിശ്ചയിച്ചിരുന്നത്. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന

അപേക്ഷകളും അപൂർണ്ണമായവയും പരിഗണിക്കുകയില്ലായെന്ന് ക്ലോസ് ജി (2), ക്ലോസ് എച്ച് (2) എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയെ അടിസ്ഥാനമാക്കി സംസ്ഥാന നേഴ്സസ് അവാർഡ് 2023 -നായി ലഭിച്ച നാമനിർദ്ദേശങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ സെലക്ഷൻ കമ്മിറ്റി, 02.05.2024- ൽ ചേർന്ന യോഗത്തിൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി. സമയപരിധി കഴിഞ്ഞ് ലഭിച്ച നാമനിർദ്ദേശങ്ങൾ പരിഗണിച്ചിരുന്നില്ല. പബ്ലിക് ഹെൽത്ത് നേഴ്സിംഗ് വിഭാഗത്തിലെ നോമിനേഷനുകളെല്ലാം സമയപരിധി കഴിഞ്ഞാണ് ലഭിച്ചത്. ജനറൽ നേഴ്സിംഗ് വിഭാഗത്തിൽ വിഭാഗത്തിൽ മാത്രമായിരുന്നു സാധുവായ നാമനിർദ്ദേശങ്ങൾ ഉണ്ടായിരുന്നത്.

3) ഓരോ അപേക്ഷകനെയും നോമിനേറ്റ് ചെയ്ത വ്യക്തി/ഗ്രൂപ്പ് നൽകിയ മാർക്ക്, സ്ഥാപനതലത്തിൽ ലഭിച്ച മാർക്ക്, ജില്ല/മെഡിക്കൽ കോളേജ് തലത്തിൽ ലഭിച്ച മാർക്ക് എന്നിവ അംഗീകൃത മാനദണ്ഡങ്ങൾക്കനുസൃതമാണോ എന്ന് പരിശോധിക്കുകയും തുടർന്ന് ഉയർന്ന സ്കോർ നേടിയവരെ സംസ്ഥാന നേഴ്സസ് അവാർഡ് 2023 - നായി തെരഞ്ഞെടുത്തു. സംസ്ഥാന നേഴ്സസ് അവാർഡ് 2023 - ന് അർഹരായ നേഴ്സുമാരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ആരോഗ്യ വകുപ്പിലെ മികച്ച നേഴ്സിനുള്ള സംസ്ഥാനതല അവാർഡ് (ജനറൽ നേഴ്സിംഗ് വിഭാഗം)**

ശ്രീമതി ഗീത സുരേഷ് ബാബു, സീനിയർ നേഴ്സിംഗ് ഓഫീസർ, ജനറൽ ആശുപത്രി, എറണാകുളം.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മികച്ച നേഴ്സിനുള്ള സംസ്ഥാനതല അവാർഡ് (ജനറൽ നേഴ്സിംഗ് വിഭാഗം)**

ഡോ. സുമ ജോസ്, നേഴ്സിംഗ് ഓഫീസർ ഗ്രേഡ് I, സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം.

4) 2018- ൽ നിപ വൈറസ് ബാധിച്ച് മരണമടഞ്ഞ സിസ്റ്റർ ലിനി പുതുശ്ശേരിയുടെ സ്മരണാർത്ഥം '**സംസ്ഥാനത്തെ മികച്ച നേഴ്സിനുള്ള സിസ്റ്റർ ലിനി പുതുശ്ശേരി അവാർഡ്' എന്ന പേരിലാണ്** ജനറൽ നേഴ്സിംഗ് വിഭാഗത്തിലെ സംസ്ഥാനതല അവാർഡുകൾ നൽകുന്നത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

പകർപ്പ്
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം )
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
രജിസ്ട്രാർ, കേരള നേഴ്സസ് & മിഡൈ്വസ് കൗൺസിൽ, തിരുവനന്തപുരം
അഡീഷണൽ ഡയറക്ടർ ഓഫ് നേഴ്സിംഗ് സർവീസസ്, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 30-07-2024 10:37:57

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. ആരോഗ്യ വനിതാ ശിശുവികസന മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്